# 13-ാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ: 3536 24/06/2013-ൽ മറുപടിയ്ക്ക്**

**മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. സണ്ണി ജോസഫ് | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | പട്ടിക വർഗ്ഗക്കാർക്കുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ ഏതെല്ലാം കേന്ദ്രസഹായമാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) | പട്ടിക വർഗ്ഗക്കാർക്കുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിനായി ആവിഷ്ക്കരിച്ച നൂതന പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭിക്കുന്നില്ല. എന്നാൽ ടി സ്ക്കൂളുകൾക്ക് സ്ഥിരം കെട്ടിട നിർമ്മാണത്തിനും പൂക്കോട്, ഇടുക്കി, ഞാറനീലി സി.ബി.എസ്.ഇ സ്ക്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് നിശ്ചിത് നിരക്കിൽ ആർട്ടിക്കിൾ-275(1) പ്രകാരം കേന്ദ്ര സഹായം ലഭിച്ചു വരുന്നു. |
| (ബി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ബി) | മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിനായി അടിസ്ഥാന സൗകര്യ വികസനം, പഠനത്തിൽ മികവ് പുലർത്തുന്നതിനുള്ള പ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. പാഠ്യേതര പ്രവർത്തനങ്ങളിലൂടെ വ്യക്തിത്വ വികസനം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി കലാ കായിക രംഗത്തെ കഴിവു വളർത്തുന്നതിനുള്ള പരിപാടി, അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം, എൻ.സി.സി, സ്കൗട്ട് ആന്റ് |

ഗൈഡ്സ്, സ്കൂൾ പോലീസ് കേഡറ്റ്, സ്റ്റുഡന്റ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുന്നതിനായി നിലവിലുള്ള 10 മുതൽ 4 വരെ എന്ന സ്കൂൾ സമയം രാവിലെ 8.30 മുതൽ ഉച്ചയ്ക്ക് 2 വരെയായി ക്രമപ്പെടുത്തിയിട്ടുണ്ട്.

എം.ആർ.എസുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. പട്ടിക വർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടേയും പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടേയും അടിസ്ഥാന സൗകര്യ വികസനത്തിലൂടെ അദ്ധ്യയന നിലവാരവും കാര്യക്ഷമതയും വർദ്ധിപ്പിച്ച് വിദ്യാർത്ഥികൾക്ക് ഒരു മികവുറ്റ വിദ്യാഭ്യാസം നൽകുന്നതിനായി സാഹചര്യം ഒരുക്കുന്നതിനായിട്ടാണ് വിദ്യോദയം പദ്ധതി നടപ്പിലാക്കുന്നത്. സ്ഥാപനങ്ങളിൽ ഫർണിച്ചർ കിടക്കകൾ തുടങ്ങിയവ ലഭ്യമാക്കുക ഇവയിൽ ഉൾപ്പെടുന്നു.

2.മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ തെരെഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ആരോഗ്യ പരിപാലനം, പ്രഥമ ശുശ്രൂഷ, കുടിവെള്ള പരിപാലനം, ജീവിത ശൈലീ രോഗ പ്രതിരോധം, പുകവലി, പാൻ മസാല, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം കൊണ്ടുള്ള ദൂഷ്യങ്ങൾ എന്നിവകളിൽ ബോധവത്ക്കരണം നൽകി

| | | | |
|---|---|---|---|
| | | | പ്രത്യേകം പരിശീലിപ്പിച്ച് ഹെൽത്ത് ക്ലബുകൾ രൂപീകരിച്ച് മറ്റുള്ള വിദ്യാർത്ഥി - കൾക്കും പട്ടിക വർഗ്ഗ സങ്കേതങ്ങളിലും ബോധവത്ക്കരണം നൽകി മേൽപ്പറഞ്ഞ- വയുടെ ദൂഷ്യ ഫലങ്ങൾ ഇല്ലായ്മ ചെയ്യു- ന്നതിനുള്ളതാണ് സ്റ്റുഡന്റ്സ് ഹെൽത്ത് ആക്ടിവിസ്റ്റ് പദ്ധതി.<br>3. സാമൂഹിക സേവന പ്രവർത്തികളിലൂടെ സാമൂഹിക പ്രതിബദ്ധത വളർത്തി ജനനന്മയും വ്യക്തി ഗുണവും ഉറപ്പാക്കി ഉന്നത മൂല്യ ബോധമുള്ള പൗരൻമാരാക്കി മോഡൽ റസിഡൻഷ്യൽ സ്ക്കൂൾ വിദ്യാർത്ഥികളെ വളർത്തിക്കൊണ്ടു വരുന്നതിനായി നാഷണൽ സർവ്വീസ് സ്കീം യൂണിറ്റുകൾ രൂപീകരിച്ചു പ്രവർത്തിക്കുന്നു.<br>4. രാജ്യത്തെ നീതി ബോധവും സാമൂഹ്യ പ്രതിബദ്ധതയും ഒത്തു ചേർത്ത് ഉത്തമ പൗരൻമാരായി പട്ടികവർഗ്ഗവിദ്യാർത്ഥികളെ മാറ്റിയെടുക്കുന്നതിനും സാമൂഹ്യ സുരക്ഷിതത്വത്തിൽ പങ്കാളികളാക്കുവാനും ഉദ്ദേശിച്ചു കൊണ്ട് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>5. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം<br>ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ തെരെഞ്ഞെടുക്കപ്പെട്ട 8 എം.ആർ.എസുകളിൽ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം പദ്ധതി നടപ്പിലാക്കുന്നു.<br>6. മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളിലെ മികച്ച കലാപ്രതിഭകളെ സഹജമായ അന്തർമുഖത്വം ഇല്ലാതെ |

| | | | |
|---|---|---|---|
| | | | വിവിധ കലാ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും മികച്ച കലാ പ്രകടനങ്ങൾ നടത്തുന്നതിനും പ്രാപ്തരാക്കുന്നതിന് വർഷത്തിലൊരിക്കൽ സർഗ്ഗോത്സവം എന്ന പേരിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ കലാമേള നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.<br>7. എം.ആർ.എസ്. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ/സാമൂഹിക/കലാ അഭിരുചികൾ വർദ്ധിപ്പിക്കുന്നതിനായി 5 വ്യത്യസ്ത മേഖലകളിൽ നൃത്തം. സംഗീതം, ഉപകരണ സംഗീതം, വായ്പാട്ട്, സോഷ്യൽ വർക്ക്, കംപ്യൂട്ടർ പഠനം എന്നിവയിൽ വിദഗ്ദ്ധർ മുഖാന്തിരം സ്പെഷ്യൽ കോച്ചിംഗ് ക്ലാസുകൾ ഏർപ്പെടുത്തുന്ന പദ്ധതി നടപ്പാക്കുന്നു.<br>8. എല്ലാ മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളിലും വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന് വിദഗ്ദ്ധരായസ്റ്റുഡന്റ് കൗൺസിലർ മാരുടെ സേവനം ലഭ്യമാക്കുന്നു.<br>9. +2 സയൻസ് ബാച്ചുള്ള സ്ക്കൂളുകളിൽ പ്രവേശന പരീക്ഷാ പരിശീലനം നടപ്പാക്കുന്നു. |

സെക്ഷൻ ആഫീസർ